"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് -ജീവനക്കാര്യം - ആരോഗ്യ വകുപ്പിലെ അസ്റ്റന്റ് ഡന്റൽ സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവിനെതിരായി ഡോ.ശബ്ന .ബി.എസ് ഫയൽ ചെയ്ത ഒഎ നം 998/2023 നമ്പർ കേസിൽ ബഹ .അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 10.07.2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ് -അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.3145/2023/H&FWD തീയതി,തിരുവനന്തപുരം, 28-11-2023

---

പരാമർശം:-

1. ഡോ.ശബ്ന. ബി.എസ് . സമർപ്പിച്ച അപ്പീൽ അപേക്ഷ
2. ഡോ.ശബ്ന .ബി.എസ് ഫയൽ ചെയ്ത ഒഎ നം 998/2023 നമ്പർ കേസിൽ ബഹ .അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 10.07.2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ്
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 24.10.2023 തീയതിയിലെ ഇഎ2-12051/2023/ആവഡ നമ്പർ കത്ത്

<u>ഉത്തരവ്</u>

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി താലൂക്കാശുപത്രിയിൽ അസിസ്റ്റന്റ് ഡന്റൽ സർജനായിരിക്കേ **2023** വർഷത്തെ അസിസ്റ്റന്റ് ഡന്റൽ സർജൻമാരുടെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ ഡോശബ്ന.ബി.എസ്- - വിനെ മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലേക്ക് സ്ഥലംമാറ്റം നൽകി നിയമിച്ചിരുന്നു . ടി നടപടിക്രമത്തിനെതിരെ ടിയാൾ പരാമർശം **(1)** പ്രകാരം സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിക്കുകയും ബഹു . അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഒഎ നം **998/2023** ആയി കേസ് ഫയൽ ചെയ്യുകയും ചെയ്തു . തുടർന്ന് പരാമർശം **(2)** പ്രകാരം അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പുറപ്പെടുവിച്ച ഉത്തരവിൽ ഒന്നാം എതിർകക്ഷിയായ സർക്കാരിനോട് അപേക്ഷക ഫയൽ ചെയ്ത അപ്പീൽ അപേക്ഷയിൻമേൽ രണ്ടുമാസത്തിനുള്ളിൽ തീർപ്പാക്കാൻ നിർദേശിച്ചിരുന്നു.

**2.** തുടർന്ന് ഈ വിഷയത്തിൽ ലഭ്യമായ പരാമർശം **(3)** പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. ഡോ.ശബ്ന .ബി.എസ് ബാലുശ്ശേരി താലൂക്കാശുപത്രിയിൽ **15.02.2021** മുതൽ ജോലി നോക്കി വരികയാണെന്നും, ഇതിനുമുൻപ് **14.02.2017** മുതൽ കോഴിക്കോട് നരിക്കുനി സാമൂഹികാരോഗ്യ കേന്ദ്രത്തിലാണ് ജോലി ചെയ്തുവന്നിരുന്നതെന്നും നരിക്കുനി സാമൂഹികാരോഗ്യ

കേന്ദ്രവും ബാലുശ്ശേരി താലൂക്കാശുപത്രിയും തമ്മിൽ 11.1 കിലോമിറ്റർ മാത്രമേ അകലമുള്ളൂ എന്നും ആയതിനാൽ ജനറൽ ട്രാൻസ്ഫർ ഗൈഡ് ലൈൻസ് പ്രകാരം ഇവ രണ്ടും ഒരു സ്റ്റേഷനായി മാത്രമേ പരിഗണിക്കുകയുള്ളൂ എന്നും ആയതിനാൽ ടിയാളെ ജില്ലയ്ക്ക് പുറത്തുള്ള പെരിന്തൽമണ്ണ ജില്ലാ ആശുപത്രിയിലേക്ക് സ്ഥലംമാറ്റുകയുണ്ടായെന്നും,2019 മുതൽ കണ്ണൂർ ജില്ലയിൽ ജോലിചെയ്തുവരുന്ന ഡോ.ജംഷീന .കെ യുടെ അപേക്ഷ പരിഗണിച്ച് ടിയാളെ ബാലുശ്ശേരി താലൂക്കാശുപത്രിയിൽ നിയമിക്കുകയുണ്ടായെന്നും പരാമർശം (3) പ്രകാരമുള്ള റിപ്പോർട്ടിൽ വ്യക്തമാക്കിയിരിക്കുന്നു.

3. മേൽപ്പറഞ്ഞ സാഹചര്യത്തിൽ, അസിസ്റ്റന്റ് ഡെന്റൽ സർജൻമാരുടെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ ബാലുശ്ശേരി താലൂക്കാശുപത്രിയിലേക്ക് നിയമനം നൽകിയിരിക്കുന്നത് പൊതുസ്ഥലംമാറ്റം സംബന്ധിച്ച മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണെന്ന് വ്യക്തമാണ്. ഡോ.ശബ്ന.ബി.എസ് പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിച്ചിരുന്നുമില്ല. ആയതിനാൽ ടിയാളെ ബാലുശ്ശേരിയിൽ നിലനിർത്താനാകുകയില്ല. കൂടാതെ ടിയാൾക്ക് 2024 ലെ പൊതുസ്ഥലംമാറ്റത്തിന് ചട്ട പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിനോ കൂടാതെ മറ്റെവിടെയെങ്കിലും നിയമനം ലഭിക്കുന്നതിനായി നിയമനാധികാരിക്ക് അപേക്ഷ സമർപ്പിക്കുന്നതിനോ മറ്റ് നിയമ തടസങ്ങളുമില്ല. ആയതിനാൽ ഡോ. ശബ്ന സമർപ്പിച്ച അപ്പീൽ അപേകഷയിലെ ആവശ്യങ്ങൾ നിരാകരിച്ചുകൊണ്ട് പരാമർശം (3) പ്രകാരമുള്ള അപ്പീൽ തീർപ്പാക്കുന്നു. ഇപ്രകാരം ഒഎ നം 998/2023 ആയി കേസിലെ വിധിന്യായം അനുപാലിച്ചു കൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SREEJITH V P

ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ കേരള, തിരുവനന്തപുരം ( ആമുഖക്കത്ത് സഹിതം )

ആരോഗ്യ വകുപ്പ് ഡയറക്ടർ ,തിരുവനന്തപുരം

ജില്ലാ മെഡിക്കൽ ഓഫീസർ ,കോഴിക്കോട് /കണ്ണൂർ

ഡോ.ശബ്ന.ബി.എസ് ,അഡിസ്റ്റന്റ് ഡന്റൽ സർജൻ

(ആരോഗ്യ വകുപ്പ് ഡയറക്ടർമുഖേന)

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 28-11-2023 11:06:55

I/114803/2023

**<u>മേലെഴുത്ത് നം: ഇ.എ2-12051/2023/ആ.വ.ഡ തീയതി:29-11-2023</u>**

സർക്കാർ ഉത്തരവിൻറെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരുടെ അറിവിലേക്കും, അനന്തര നടപടികൾക്കും വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനുമായി നൽകുന്നു.

**Signed by Sherly S S**
**Date: 29-11-2023 16:02:02**
**Reason: Approved**

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി